STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.204/PR/SPMC/PHQ/2026 Date:17.05.2026

# സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംസ്ഥാനതല ക്യാമ്പ് മെയ് 20ന് ആരംഭിക്കും

സംസ്ഥാന പോലീസിന്റെ അഭിമാന പദ്ധതിയായ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ഈ വർഷത്തെ സംസ്ഥാനതല വാർഷിക റെസിഡൻഷ്യൽ ക്യാമ്പ് "ഐക്യ 2026" - മെയ് 20 മുതൽ 25 വരെ തിരുവനന്തപുരം വെങ്ങാനൂർ വി.പി.എസ് മലങ്കര ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടക്കും.

ജൻഡർ ഇൻക്ലൂസിവിറ്റി അഥവാ 'ലിംഗസമത്വം' എന്നതാണ് ഇത്തവണത്തെ ക്യാമ്പിന്റെ പ്രധാന വിഷയം. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 939 കേഡറ്റുകൾ ആറുദിന ക്യാമ്പിൽ പങ്കെടുക്കും.

ആറ് ദിന ക്യാമ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം മെയ് 20ന് നടക്കും. കേഡറ്റുകളുടെ വ്യക്തിത്വ വികാസത്തിനും സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനുമായി വൈവിധ്യമാർന്ന പരിപാടികളാണ് ക്യാമ്പിൽ ഒരുക്കിയിരിക്കുന്നത്.

ക്യാമ്പിന്റെ വിവിധ സെഷനുകളിലായി സംസ്ഥാനത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥർ, സാംസ്കാരിക, മാധ്യമ രംഗത്തെ പ്രമുഖർ, ചലച്ചിത്ര താരങ്ങൾ എന്നിവരുമായി കേഡറ്റുകൾ സംവദിക്കും, കൂടാതെ വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിലുള്ള ജെൻഡർ ഇൻക്ലൂസിവിറ്റി സെഷൻ, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ എന്നിവയും ക്യാമ്പിന്റെ ഭാഗമായി നടക്കും.

രാജ്യത്തിന്റെ ഭാവിവാഗ്ദാനങ്ങളായ വിദ്യാർത്ഥി സമൂഹത്തെ പൗരബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള ഒരു യുവജനതയായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2010 ഓഗസ്റ്റിൽ ആരംഭിച്ചതാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട്. ഇന്ന് എസ് പി സി സ്കൂൾ കുട്ടികൾക്കായുള്ള ഏറ്റവും വലിയ പ്രസ്ഥാനമായി മാറിയിട്ടുണ്ട്.

വ്യക്തിത്വ വികാസത്തിനുപരിയായി സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏതൊരു പ്രശ്നത്തിലും ഇന്ന് എസ് പി സി വിദ്യാർത്ഥികൾ സജീവമാണ്. കഴിഞ്ഞതവണ നടന്ന ക്യാമ്പിൽ എസ് പി സി കുട്ടികളെ ലഹരിവിരുദ്ധ അംബാസിഡർമാരായി തിരഞ്ഞെടുക്കുകയും സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ സ്ക്വാഡുകൾ രുപീകരിക്കുകയും ചെയ്തിരുന്നു.

മെയ് 25ന് നടക്കുന്ന വർണ്ണാഭമായ സെറിമോണിയൽ പരേഡോടെ ക്യാമ്പ് സമാപിക്കും.

**********************